## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1767 06.7.2015 ൽ മറുപടിയ്ക്ക്

**ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർമ്മ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>'' ടി.എൻ.പ്രതാപൻ<br>'' ഐ.സി.ബാലകൃഷ്ണൻ<br>'' എ.റ്റി.ജോർജ് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും അവയ്ക്ക് പരിഹാരം കാണുവാനും ഈ സർക്കാർ എന്തു കർമ്മ പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്; | എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും വേണ്ടി 2011, 2013, വർഷങ്ങളിലും കൂടാതെ ഈ വർഷത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തിലും 'മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത കർമ്മ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ നടപ്പാക്കുകയുണ്ടായി; | ബി) സാധാരണ ജനങ്ങളുടെ പല പ്രശ്നങ്ങളും നേരിട്ട് മനസ്സിലാക്കുകയും അവ പരിഹരിക്കാൻ നിലവിലുള്ള ചില നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ തരത്തിലുള്ള ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ,നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുടങ്ങി പല കർമ്മപദ്ധതികളും നടപ്പിലാക്കിയിട്ടുമുണ്ട്. |
| സി) പ്രസ്തുത പരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഡി) പ്രസ്തുത പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും മാറ്റുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്നറിയിക്കുമോ? | ഡി) ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ നിലവിലുള്ള പല നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 45 പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ